# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.1/1504/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/01/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.1/1504/2022 തീയ്യതി: 25/01/2023

## ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-11-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീദേവി. പി,ഓഡിറ്റ് ഓഫീസർ

ശ്രീമതി ജാക്വലിൻ പി ഡബ്ളിയു , സീനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷിബു എ പി , സീനീയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ .ലക്ഷ്മികാന്ത് പി ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .റ്റി .ജി ജലജകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ആഷ്‌ലി നായർ | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ശ്രീ പ്രദീപ് | സെക്രട്ടറി | 02-07-2021 | 11-07-2021 |
| ശ്രീമതി സ്വപ്ന കെ നായർ | സെക്രട്ടറി | 12-07-2021 | 05-08-2021 |
| ശ്രീമതി . കെ .സുജാത | സെക്രട്ടറി | 06-08-2021 | 31-03-2022 |
| ശ്രീമതി . കെ .സുജാത | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 01-07-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആദർശ്.കെ | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | 01-04-2021 | 10-01-2022 |
| ഡോ.നജ്മുദീൻ എം ജെ | മെഡിക്കൽ ഓഫീസർ. (സി.എച്ച്.സി) | 11-01-2022 | 31-03-2022 |
| ഡോ. ജീവൻകുമാർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ബോബിമോൾ.കെ.ബി | വി.ഇ.ഒ,തെക്കേക്കര സർക്കിൾ. | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രമീള. പി. | വി.ഇ.ഒ, ചമ്പക്കുളം സർക്കിൾ. | 01-04-2021 | 31-03-2022 |
| ശ്രീമതി. സുനിഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 01-04-2021 | 31-03-2022 |
| ശ്രീമതി.കാർത്തിക | കൃഷി ഓഫീസർ | 01-04-2021 | 22-10-2021 |
| ശ്രീമതി.ചൈതന്യ | കൃഷി ഓഫീസർ | 22-10-2021 | 01-02-2022 |
| ശ്രീ. പ്രദീപ് | കൃഷി ഓഫീസർ | 01-02-2022 | 31-03-2022 |
| ഡോ..സെറിൻ സേവ്യർ | വെറ്ററിനറി സർജൻ | 01-04-2021 | 31-12-2021 |
| ഡോ.വിശ്വൻ ചക്രപാണി | വെറ്ററിനറി സർജൻ | 01-01-2021 | 14-01-2022 |
| ഡോ.രതീഷ് ബാബു എം | വെറ്ററിനറി സർജൻ | 15-01-2022 | 31-03-2022 |
| ശ്രീമതി. മേഴ്സി ലോറൻസ്. | എച്ച്.എം. | 01-04-2021 | 11-12-2021 |
| ശ്രീമതി .ഷൈല കെ എസ് | എച്ച്.എം. | 12-12-2021 | 31-03-2022 |
| ശ്രീമതി. രാജി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ. | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| നായർ. | | | |
| ശ്രീമതിബിന്ദുമോൾ.കെ. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്രീകുമാർ ആർ | അസി.സെക്രട്ടറി. | 01-04-2021 | 03-05-2021 |
| ശ്രീ പ്രദീപ് | അസി.സെക്രട്ടറി. | 04-05-2021 | 12-07-2021 |
| ശ്രീമതി സപ്ന കെ നായർ | അസി.സെക്രട്ടറി. | 12-07-2021 | 31-03-2022 |
| ഡോ.സ്മിത എം നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷികധനകാര്യപത്രിക | 1-2 |
| 3 | വാര്‍ഷികകണക്കിലെ അപാകതകള്‍ | 1-2-1 |
| 4 | സാമ്പത്തികവിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതിഅവലോകനം | 1-5 |
| 7 | ക്ഷേമപദ്ധതികള്‍ | 1-6 |
| 8 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷന്‍ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | സ്ഥാപന തൊഴില്‍ നികുതി ഡിമാന്‍ഡ് ചെയ്ത് ഈടാക്കിയില്ല- 5,000/- രൂപാ വരുമാന നഷ്ടം | 1-10 |
| 12 | തെരുവു വിളക്കുകളുടെ എ.എം.സി അപാകതകള്‍ സംബന്ധിച്ച് | 1- 11 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 26,918/- രൂപ | 1-12 |
| 14 | നിരാക്ഷേപ സാക്ഷ്യപത്രങ്ങള്‍ സമര്‍പ്പിക്കാത്ത പെട്രോള്‍ പമ്പുകള്‍ക്ക് ലൈസന്‍സ് അനുവദിച്ചു | 1-13 |
| 15 | ഐകെഎം വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കല്‍ | 1-14 |
| 16 | പൈപ്പ് ലൈന്‍ എക്സ്റ്റെന്‍ഷന്‍ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1- 15 |
| 17 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകള്‍ ലഭ്യമാക്കിയില്ല.108124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1- 16 |
| 18 | സി.എച്ച്.സിയ്ക്ക് മരുന്നുകള്‍ ലഭ്യമാക്കിയില്ല-50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1- 17 |
| 19 | സി.എച്ച്.സി-യ്ക്ക് ലാപ് ടോപ്പ് വാങ്ങല്‍ -ടെണ്ടര്‍ നടപടിക്രമങ്ങള്‍ പാലിക്കാതെ വാങ്ങല്‍ നടത്തി | 1-18 |
| 20 | എല്‍ ഇ ഡി ലൈറ്റുകള്‍ സ്ഥാപിച്ചിട്ടും,തെരുവ് വിളക്കുകളുടെ വൈദ്യുതി ചാര്‍ജ്ജില്‍ കുറവുണ്ടാവുന്നില്ല | 1- 19 |
| 21 | നെല്‍വിത്ത് വിതരണം - രേഖകളുടെ അഭാവത്തില്‍ തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 22 | ആദായനികുതി,ചരക്കുസേവനനികുതി എന്നിവ കുറവുചെയ്യാതെ കരാറുകാരനു തുക നല്‍കി | 1-21 |
| | ഭാഗം **2** | |

| | | |
|---|---|---|
| 1 | സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല- 5,000/- രൂപാ വരുമാന നഷ്ടം | 2-1 |
| 2 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 26,918/- രൂപ | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 05.02.2021 ൽ കൂടിയ ഭരണസമിതി യോഗത്തിലെ 1 (1) നമ്പർ തീരുമാന പ്രകാരവും, 23.03.22ൽ കൂടിയ ഭരണസമിതിയോഗത്തിലെ പുതുക്കിയ ബജറ്റ് 1 (1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 143832828 | 142986236 |
| പുതുക്കിയ ബജറ്റ് പ്രകാരം | 143832828 | 142986236 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം &എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 138580657 | 137891663 |

### 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31-07-22 | 29.06.22 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

ചമ്പക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1)ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് ആസ്തി രജിസ്റ്റർ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

2)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി)അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

3) സി എഫ് സി അൺടൈഡ് എസി ആർ പ്രകാരം ചെലവ് 3581318/- രൂപയും വാർഷികകണക്ക് പ്രകാരം 3466952/- രൂപയും വ്യത്യാസം വിശദമാക്കിയിട്ടില്ല.

### 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9613282 |
| വരവ് | 53359314 |
| ആകെ | 62972596 |
| ചെലവ് | 51666846 |
| നീക്കിയിരിപ്പ് | 11305750 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | വരവ് | | | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 12357000 | 12357000 | 12357000 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | | 2844667 | 2844667 | 2844667 | 0 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 0 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 8340631 | 8340631 | 3276000 | 5064631 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 5933474 | 5933474 | 3792218 | 2141256 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) & (അൺടൈഡ്) | | 8910271 | 8910271 | 8244945 | 779692 |

(ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആകെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ തമ്മിലുള്ള 114366/- രൂപയുടെ വ്യത്യാസം ഓഡിറ്റ് വേളയിൽ വിശദമാക്കിയിട്ടില്ല)

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 127 | 83429616 | 99 | 34765800 | 2 | 26 | 77 |

## 1-6 ക്ഷേമപദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 17143900 | 1099 |
| വിധവാ പെൻഷൻ | 6631300 | 427 |
| വാർദ്ധക്യകാല പെൻഷൻ | 14550000 | 951 |
| വികലാംഗ പെൻഷൻ | 3464600 | 223 |
| അവിവാഹിത പെൻഷൻ | 496800 | 34 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9878 | 971825 | 981703 | 861058 | 120645 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 44510898 | 44510898 | 44510898 | 0 |
| ആകെ | 9878 | 45482723 | 45492601 | 45371956 | 120645 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2022 03:00 P.M-ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള അഡ്വാൻസ് രജിസ്റ്ററിൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഓണം അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. തെരുവ് വിളക്കുകളുടെ ആകെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
3.അസ്സി.എൻജിനീയർ ഹാജരാക്കിയ എഗ്രിമെന്റ് രജിസ്റ്ററിൽ PAC, കരാർ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ടുന്ന തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

## 1-10 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല- 5,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | മണ്ണപ്പുറമ്പ് ഫൈനാൻസ്, ചമ്പക്കുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2, | സി.കെ.എം മിൽക്ക് പ്രൊഡ്യൂസേർസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| ആകെ | | | 5,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയതായും ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:1, തീയതി:10/11/2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1- 11 തെരുവു വിളക്കുകളുടെ എ.എം.സി അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് നമ്പർ - S0083/22

വിവിധ വാർഡുകളിൽ 24, 15 വാട്ട്സ് എൽ ഇ ഡി, എൽഡിആർ, തെരുവു വിളക്കുകൾക്ക് എഎംസി)

അടങ്കൽ - 239760/- (വികസനഫണ്ട്)

ചെലവ് - ബിൽ നമ്പർ -23/29.12.22 – 239760/-

നിർവ്വഹണം - സെക്രട്ടറി

2020-21 വർഷത്തെ സ്പിൽ ഓവറായി നടപ്പാക്കിയ ഈ പദ്ധതിയുടെ കരാർ, ടെൻഡർ നടപടികളിലൂടെ അർച്ചന കരുവിള, സെബിൻ ഇലക്ട്രോണിക്സ്, ചങ്ങനാശ്ശേരി, കോട്ടയം എന്നയാൾക്കാണ് നൽകിയിട്ടുള്ളത്. സെബിൻ ഇലക്ട്രോണിക്സ് ക്വാട്ട് ചെയ്ത നിരക്കുകളായ 100 വാട്ട്സ് ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിന് 2998/- രൂപയും 50 വാട്ട്സ് എൽഇഡി,എൽഡിആർ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണി നടത്തുന്നതിന് 1500/- രൂപയും പ്രകാരം ടെണ്ടർ അംഗീകരിച്ചിട്ടുള്ളതും 2020 ജൂൺ മാസം 18ന് കരാറിലേർപ്പെടുകയും, 18.12.2021 ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം പണി പൂർത്തീകരിച്ചതിനാൽ തുക നൽകാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ട ചുവടെ ചേർക്കുന്നു.

1) 15.09.11 ലെ ഡി.എ3/2011/തസ്വഭവ നമ്പർ തെരുവുവിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) ടെൻഡറിങ്ങിലൂടെ നടപ്പാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പ്രകാരം റിപ്പയർ നടത്തിയതിന് കെ.എസ്.ഇ.ബി.യും വാർഡ് മെമ്പറൻമാരും സംയുക്തപരിശോധന നടത്തേണ്ടതാണെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ നിന്നും(ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.12.21ലെ 1(4)-ാം നമ്പർ തീരുമാനം) ഓരോ വാർഡിലേയും മെയിന്റനൻസ് പ്രവർത്തി പൂർത്തീകരിച്ചു എന്നും മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതായി പറയുന്നുണ്ടെങ്കിലും ടി സാക്ഷ്യപത്രങ്ങൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

2) വർക്കുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3) ഓരോ വാർഡിലും ഓരോയിനത്തിലും ഉള്ള എത്ര വീതം ലൈറ്റുകളാണ് അറ്റകുറ്റപ്പണി നടത്തിയതെന്ന കണക്കുകൾ ഇല്ല.

4) മേൽ ഉത്തരവ് പ്രകാരം ഒരു പരാതി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും, ഇതേ രജിസ്റ്റർ തദ്ദേശഭരണസ്ഥാപനത്തിലും, കെഎസ്ഇബി യുടെ ഓഫീസിലും സൂക്ഷിയ്ക്കേണ്ടതുമാണ്. ആയത് ലഭ്യമാക്കിയിട്ടില്ല. പരാതി രജിസ്റ്ററിന്റെ അഭാവത്തിൽ കരാറുകാരൻ അറ്റകുറ്റപ്പണി നടത്തിയതിന്റേതായി ഹാജരാക്കിയ കണക്കുകൾ എപ്രകാരം പരിശോധിച്ച് ഉറപ്പാക്കിയെന്ന് വിശദമാക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും ഓരോയിനത്തിലുമായി അറ്റകുറ്റപ്പണി ചെയ്ത പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയ ഓരോയിനം തെരുവ് വിളക്കുകളുടേയും പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/21-22/17-11-22)-യ്ക്ക് നൽകിയ മറുപടിയ്ക്കൊപ്പം തെരുവു വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കി ടി രജിസ്റ്ററിൽ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും മെയിന്റനൻസ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. അതിൽ ഓരോയിനത്തിലുമായി അറ്റകുറ്റപ്പണി ചെയ്ത പോസ്റ്റുകളുടെ നമ്പറോ രേഖപ്പെടുത്തിയ ഓരോയിനം തെരുവ് വിളക്കുകളുടേയും വിവരങ്ങളോ, പോസ്റ്റ് നമ്പറോ രേഖപ്പെടുത്തിയിട്ടില്ല. പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലെന്നും മേലിൽ പരാതി രജിസ്റ്റർ തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ അറ്റകുറ്റ പണി നടത്തുന്നതാണെന്നുമാണ് മറുപടി നൽകിയിരിയ്ക്കുന്നത്. മേലിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശാനുസരണം നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 26,918/- രൂപ

പഞ്ചായത്തിലെ 10-ാം വാർഡിലെ പ്രഥമ മേഖലയിലെ 10/120, 10/121, 10/122, 10/123, 10/123A, 10/124 എന്നീ കെട്ടിടങ്ങളിൽ ത്രിവേണി റിവർ പാലസ് എന്ന പേരിലുള്ള റിസോർട്ട് നടത്തുന്നതിന് 2021-22 വർഷത്തേക്കുള്ള ലൈസൻസ് (നം:72/2021-22/A7-1828/2021, തീയതി:27-07-2021) പ്രകാരം പ്രവർത്തനാനുമതി നല്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 5 മീറ്ററിലധികം വഴി സൗകര്യമുള്ള ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 10/120, 10/121, 10/122, 10/123, 10/123A എന്നീ കെട്ടിടങ്ങൾക്ക്, വസ്തു നികുതി സംബന്ധിച്ച 2012 ലെ പഞ്ചായത്ത് വിജ്ഞാപന പ്രകാരം റിസോർട്ട് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട 90/- രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം കുറഞ്ഞ നിരക്കിലുള്ള വസ്തു നികുതിയാണ് ഈടാക്കുന്നത്. ഇതേ റിസോർട്ടിലെ 10/124-ാം നമ്പർ കെട്ടിടത്തിന് പഞ്ചായത്ത് വിജ്ഞാപന പ്രകാരം റിസോർട്ട് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട 90 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയിട്ടുമുണ്ട്. ഇത് കൂടാതെ റിസോർട്ടിലെ 10/120, 10/121, 10/122, 10/123, 10/123A, 10/124 എന്നീ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തി ഘടനാപരമായി മാറ്റം വരുത്തിയതായി സഞ്ചയ രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ, തീയതി 14-11-2011 ചട്ടം 17(1) പ്രകാരം അവസാന അസസ്സ്മെന്റിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ വർദ്ധനവിനുള്ള പരിമിതി ബാധകമല്ല.

ഇത്തരത്തിൽ ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ വസ്തുനികുതി ഈടാക്കിയത് മൂലം പഞ്ചായത്തിന് ഉണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05/14.11.2022) കെട്ടിടങ്ങളെ റിസോർട്ടുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും, അധികമായി ഈടാക്കേണ്ട വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 391.77 ച:മീ തറ വിസ്തീർണ്ണമുള്ള 10/120-ാം നമ്പർ

കെട്ടിടത്തിന് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ, ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 60/- രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 16,659/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 391.77×60 = 23506.2 | 391.77×90 = 35259.3 | |
| മേഖല (പ്രഥമം) ഇളവില്ല | | | |
| മേൽക്കൂര 10 % ഇളവ് | (-) 2350.62 | (-) 3525.93 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 4701.24 | (+) 7051.86 | |
| തറ നിർമ്മിതി 15%വർദ്ധനവ് | (+) 3525.93 | (+) 5288.89 | |
| എയർ കണ്ടീഷനിംഗ് 10% വർദ്ധനവ് | (+) 2350.62 | (+) 3525.93 | |
| നികുതി | 31,734/- | 47,600/- | 15,866/- |
| ലൈബ്രറി സെസ് 5% | 1,587/- | 2,380/- | 793/- |
| ആകെ | 33,321/- | 49,980/- | 16,659/- |

2) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 91.4 ച:മീ തറ വിസ്തീർണ്ണമുള്ള10/121-ാം നമ്പർ കെട്ടിടത്തിന് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100ച:മീ വരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ, ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 50 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ ഇത്തരത്തിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 4221/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 91.4×50 = 4570 | 91.4×90 = 8226 | |
| മേഖല (പ്രഥമം) ഇളവില്ല | | | |
| മേൽക്കൂര 10 % ഇളവ് | (-) 457 | (-) 822.6 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 914 | (+) 1645.2 | |
| നികുതി | 5028/- | 9049/- | 4021/- |
| ലൈബ്രറി സെസ് 5% | 252/- | 452/- | 200/- |
| ആകെ | 5280/- | 9501/- | 4221/- |

3) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 12.44ച:മീ (കെട്ടിട നം:10/122) 50.86ച:മീ (കെട്ടിട നം:10/123A) വീതം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന 50 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ മേൽ സൂചിപ്പിച്ച 2 കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കിയതിനാൽ പഞ്ചായത്തിന് 2,811/-(2185+626) രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | അധികമായി ഈടാക്കേണ്ട വസ്തുനികുതി | |
|---|---|---|---|---|---|---|
| | 10/122 | 10/123A | 10/122 | 10/123A | 10/122 | 10/123A |
| അടിസ്ഥാന വസ്തു നികുതി | 12.44×50 =622 | 50.86×50 =2843 (സഞ്ചയ പ്രകാരം) | 12.44×90 =1119.6 | 50.86×90 =4577.4 | | |
| മേഖല (പ്രഥമം) ഇളവില്ല | - | - | - | - | | |
| മേൽക്കൂര 10 % ഇളവ് | (-) 62.2 | - | (-) 111.9 | - | | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 124.4 | (+)568.6 | (+) 223.92 | (+) 915.4 | | |
| എയർ കണ്ടീഷനിംഗ് 10% വർദ്ധനവ് | (+) 62.2 | - | (+) 111.9 | - | | |
| നികുതി | 747/- | 3412/- | 1344/- | 5493/- | 597/- | 2,081/- |
| ലൈബ്രറി സെസ് 5% | (+) 38/- | (+) 171/- | (+) 67 /- | 275/- | 29/- | 104/- |
| ആകെ | 785/- | 3583/- | 1411/- | 5768/- | 626/- | 2,185/- |

4) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 77.43 ച:മീ തറ വിസ്തീർണ്ണമുള്ള 10/123-ാം നമ്പർ കെട്ടിടത്തിന് 90/- രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശത്തിനുള്ള 100ച:മീ വരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ, ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 50/- രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ ഇത്തരത്തിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 3,227/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിലവിൽ വസ്തുനികുതി ഈടാക്കുന്നത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 77.43×50 = 3871.5 | 77.43×90 = 6,968.7 | |
| മേഖല (പ്രഥമം) ഇളവില്ല | | | |
| മേൽക്കൂര 10 % ഇളവ് | (-) 387.15 | (-)696.8 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 774.3 | (+) 1393.7 | |
| നികുതി | 4592/- (സഞ്ചയ പ്രകാരം) | 7666/- | 3,074/- |
| ലൈബ്രറി സെസ് 5% | 230/- (സഞ്ചയ പ്രകാരം) | 383/- | 153/- |
| ആകെ | 4822/- (സഞ്ചയ പ്രകാരം) | 8049/- | 3227/- |

ഉപയോഗക്രമത്തിന് അനുസൃതമായി ത്രിവേണി റിവർ പാലസ് റിസോർട്ടിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കാത്തത് മൂലം 2021-22 വർഷം പഞ്ചായത്തിന് 26,918/- രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായത്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22ലെ നികുതി കിടിശ്ശിക

സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാത്ത പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചു

2021-22 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരാക്ഷേപ പത്രങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരം ഹാജരാക്കിയില്ല.

| ക്രമ നം. | അപേക്ഷകൻ / പെട്രോൾ പമ്പ് | സമർപ്പിക്കാത്ത നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ |
|---|---|---|
| 1 | ഫിലിപ്പ് ജോസഫ്, കുട്ടനാട് ഫാം ഫ്യൂവൽസ് | 1.ഫാക്ടറീസ്&ബോയിലേഴ്സ് സർട്ടിഫിക്കറ്റ് |
| 2 | ജെസി ജേക്കബ്, പടവുപുരയ്ക്കൽ ഫ്യൂവൽ | 1.ഫാക്ടറീസ്&ബോയിലേഴ്സ് സർട്ടിഫിക്കറ്റ്<br>2.ഫയർ & റെസ്ക്യൂ ലൈസൻസ്<br>3.എക്സ്പ്ലോസീവ് ലൈസൻസ് |

കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊലൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിക്കുന്ന 06.09.2020ലെ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിയമാനുസൃതം ഹാജരാക്കേണ്ട എല്ലാ നിരാക്ഷേപ പത്രങ്ങളും ഹാജരാക്കാൻ ടി സ്ഥാപങ്ങൾക്ക് നിർദ്ദേശം നൽകിയതായും, തുടർന്നുള്ള വർഷങ്ങളിൽ എല്ലാ നിരാക്ഷേപ പത്രങ്ങളും അപേക്ഷയോടപ്പം സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ എന്നും, നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം:4 / ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെട്രോൾ പമ്പുകൾ മേൽ ലൈസൻസുകൾ ഹാജരാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഐകെഎം വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കൽ

സെക്രട്ടറി ചമ്പക്കുളം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഐകെഎം വിഹിതം നൽകൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 52485/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0002/22 |
| പ്രോജക്ട് | എസ്എസ്എ വിഹിതം നൽകൽ |
| അടങ്കൽ | 52485(വികസന ഫണ്ട്) |
| ചെലവ് | 52485/-<br>ബിൽ റഫറൻസ് നമ്പർ<br>21060452014100260106/21-22-/01-08 |

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 20/04/2021 ലെ ഐകെഎം/എ7/955/21 നമ്പർ കത്ത് പ്രകാരം ചമ്പക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട തുക പൂർണ്ണമായും നൽകാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്രകാരം ചമ്പക്കുളം

ഗ്രാമപഞ്ചായത്ത് 52485/- രൂപ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടായ നന്ദൻകോഡ് പേഴ്സണൽ ബ്രാഞ്ചിന്റെ 57047023512 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/14-11-22 ന് നൽകിയ മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ സമർപ്പിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 52485/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1- 15 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 വർഷം വിവിധ പ്രോജക്ടുകൾക്കായി, വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നം. | ബിൽ നം./തീയതി | അടങ്കൽ | നൽകിയ തുക |
|---|---|---|---|---|
| 1 | പൈപ്പ് ലൈൻ നീട്ടൽ S0075/22 (വാർഡ് 6) | (PFMS Transaction Id 0046EATPAYREQ1102202215758)/ 11-02-22 | 775000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 620000/- |
| 2 | പൈപ്പ് ലൈൻ നീട്ടലും അറ്റകുറ്റ പണിയും S0138/22 | ബിൽ നം 42/30-03-22 | 460000/-(വികസനഫണ്ട്) | 381065 |
| | | PFMS Transaction Id 0046EATPAYREQ 28032022499017/28-03-22 | 257035(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ആകെ - 717035 /- | 178935 (ആകെ 560000) |
| 3 | 2,5,12 വാർഡുകളിൽ കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ S0153/22 | PFMS Transaction Id 0046EATPAYREQ 2803202249015/28-03-22 | 926021 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 13979/- (തനത് ഫണ്ട്) ആകെ -940000 | 640000/- |

മേൽ പ്രവർത്തിയുടെ പൂർത്തീകരണവിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/15-11-22 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതവരെയും മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച (S0138/22-560000, So075/22-620000/-, S0153/22-640000) 18,20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1- 16 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല.108124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 3,00,000/- രൂപ കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് (ഹോംകോ) എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0018/22 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 3,00,000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | എൽ എഫ് 166/16=06-22 |
| ചെലവ് | 300,000/- |

| | |
|---|---|
| | ബിൽ ബിആർഎൻ നമ്പർ 210604520133005672l7/20-10-21 |

ടി തുക പൂർണ്ണമായും കേരള സംസ്ഥാന ഹോമിയോപ്പതിയ്ക്ക് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം -34306403911) 28/10-2021 ന് NEFT വഴി ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 191876/-രൂപയുടെ(ഇൻവോയിസ് നം എൽ എഫ് 166/16-06-22) മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ള ബാക്കി തുകയുടെ(108124/-) മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/11-11-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ ഇതിന് വേണ്ടി ചെലവഴിച്ച 108124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 17 സി.എച്ച്.സിയ്ക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല-50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ "സാന്ത്വന പരിചരണ പരിപാടി" പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് കെയർ പ്രോജക്ടിന് മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് നമ്പർ പി.ആർ.എഫ്-5633/തീയതി: 10/02/2022 പ്രകാരം 50,000/- രൂപ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എസ്.0022 / 2022 |
|---|---|
| പ്രോജക്ട് | സാന്ത്വന പരിചരണ പരിപാടി എന്ന പദ്ധതിയ്ക്ക് വേണ്ടി മരുന്നു വാങ്ങൽ |
| അടങ്കൽ | 8,00,000/- (5,00,000/-പൊതുവിഭാഗം സാധാരണ വിഹിതം, 3,00,000/- ബ്ളോക്ക് വിഹിതം) |
| ഇൻവോയ്സ് നമ്പർ | പി.ആർ.എഫ് 5633 / തീയതി 10/02/2022 |
| ചെലവ് | ബിൽ തുക: 50,000/-<br>ട്രഷറി ബിൽ നമ്പർ: 21060452013201118560<br>തീയതി: 14-02-2022 |

ബിൽ പ്രകാരമുള്ള തുക പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:12, തീയതി:17-11-2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തിരമായി മരുന്നുകൾ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 സി.എച്ച്.സി-യ്ക്ക് ലാപ് ടോപ്പ് വാങ്ങൽ -ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി

| പ്രോജക്ട് നമ്പർ | എസ്.0072 / 22 |
|---|---|
| പ്രോജക്ട് | കോവിഡ് പ്രതിരോധ പ്രവർത്തനം-മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ. |
| അടങ്കൽ | 2,94,199/-രൂപ (പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 42,000/- രൂപ, ട്രഷറി ബിൽ നമ്പർ:21060452013200098002 / തീയതി:02-06-2021, |
| തുക കൈമാറിയ അക്കൌണ്ട്.<br>NEFT Transfer | SBI A/c No:67155815986,<br>IFSC: SBIN0070528. |
| സ്ഥാപനത്തിന്റെ പേര് | ഇൻസൈറ്റ് സൊല്യൂഷൻസ്,തിരുവമ്പാടി ,ആലപ്പുഴ-688009<br>ഇൻവോയിസ് നം 411 / 10-05-2021<br>ബിൽ തുക: 42,000/- രൂപ |

ടി തുക പൂർണ്ണമായും ഇൻസൈറ്റ് സൊല്യൂഷൻസ്, തിരുവമ്പാടി, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സർക്കുലർ നം. ഐ.ടി സെൽ-1/26/2019/വി.സ.വ -തീയതി 18-03-2019, ജി.ഒ(പി)നം.10/2019/എസ്.പി.ഡി തീയതി 22-08-2019, സർക്കുലർ നം. ഐ.ടി സെൽ-1/106/2019/വി.സ.വ തീയതി:21-10-2019 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസ്സ് മുഖേന മാത്രം വാങ്ങേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സി.പി.ആർ.സി.എസ്സിൽ നിന്നും ലാപ് ടോപ്പ് വാങ്ങാതെ ഇൻസൈറ്റ് സൊല്യൂഷൻസ്, തിരുവമ്പാടി, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:7/ 14-11-22) ലഭ്യമാക്കിയ മറുപടിയിൽ, സി.പി.ആർ.സി.എസ്സിൽ നിന്നും ലാപ്ടോപ്പ് ലഭിയ്ക്കുന്നതിന് ഒരു മാസത്തിലധികം കാലതാമസം എടുക്കുമെന്നും, കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട ഡാറ്റാ നിശ്ചിത സമയ പരിധിക്കുള്ളിൽ രജിസ്ട്രേഷൻ ചെയ്യേണ്ടതിന്റെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത്, ടി കാലതാമസം ഒഴിവാക്കുന്നതിനാണ് മറ്റൊരു സ്ഥാപനം തിരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സി.പി.ആർ.സി.എസ്സിൽ നിന്നും ലാപ്ടോപ്പ് ലഭിയ്ക്കാൻ ഒരു മാസത്തിലധികം കാലതാമസം ഉണ്ടായാൽ ടെണ്ടർ/ഇ-ടെണ്ടർ മുഖേന സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെന്ന് 07-09-2020 ലെ ഡിഎ1/153/2020/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.ടി സർക്കാർ നിർദേശത്തിന് വിരുദ്ധമായി ടെണ്ടർ നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ ഇൻസൈറ്റ് സൊല്യൂഷൻസ്, തിരുവമ്പാടി, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്ടോപ്പ് വാങ്ങിയത് ക്രമപ്രകാരമല്ല. സർക്കാർ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് മാത്രം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1- 19 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടും,തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിൽ കുറവുണ്ടാവുന്നില്ല

ചമ്പക്കുളം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ ഒരു ലക്ഷം രൂപയോളം തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുത ബിൽ അടക്കുന്നതിലേക്കായി 2021-22 വർഷം ആകെ 16,32,338/- രൂപ ചെലവഴിച്ചു. (RP-17പട്ടിക/ഹെഡ് കോഡ്-252100101). ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് നം S0077/22 പ്രകാരം വിവിധ വാർഡുകളിലെ പ്രവർത്തനരഹിതമായ വൈദ്യുതിവിളക്കുകൾ മാറ്റി 35 വാട്ടിന്റെ 135 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്രയും എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടും കറണ്ട്ചാർജ്ജിലോ, കണക്റ്റഡ് ലോഡിലോ കുറവ് വന്നിട്ടില്ല. നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറുകയും പുതിയതായി സ്ഥാപിക്കുന്ന വൈദ്യുതവിളക്കുകളിൽ ഊർജ്ജ ഉപഭോഗം കുറഞ്ഞ വൈദ്യുതവിളക്കുകൾ മാത്രം ഉൾപ്പെടുത്തുകയും ചെയ്തിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡിൽ കുറവ് വരുന്നതായി കാണുന്നില്ല. ഉദാ.

| ക്രമ നം | കൺസ്യൂമർ നം | കണക്റ്റഡ് ലോഡ് | ബിൽ തീയതി | ബിൽ തുക |
|---|---|---|---|---|
| 1 | 1155099000999 | 12062 | 02-03-2022 | 22423 |
| 2 | 1155099000998 | 31668 | 02-03-2022 | 57934 |
| 3 | 1155099000999 | 12062 | 01-11-2022 | 24235 |
| | 155099000998 | 31668 | 01-11-2022 | 62656 |

.

തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ രഹിത തെരുവ് വിളക്കുകളുടെ (KSEB Consumer No-1155099000998), KSEB Consumer No- 1155099000999) ബില്ലിംഗിന് ആധാരമാകുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ മങ്കൊമ്പ് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/15-11-2022 ന് മറുപടി ലഭ്യമാക്കിയില്ല.

കെ.എസ്.ഇ.ബി മങ്കൊമ്പ്, ചമ്പക്കുളം ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും ലഭ്യമാകുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി (കൺസ്യൂമർ നം- 155099000998, 1155099000999) ബില്ലിലെ കണക്റ്റഡ് ലോഡിനെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2021-22 ലെ വാർഷിക പ്രോജക്ടിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്ടിലും LED ബൾബുകളാണ് വാങ്ങി സ്ഥാപിച്ചത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളൊന്നും തന്നെയില്ലയെന്നത് വ്യക്തമാണ്. സംയുക്ത പരിശോധനയുടെ അഭാവത്തിൽ കെ.എസ്.ഇ.ബി ഈടാക്കുന്നത്

അവ്യക്തവും അയഥാർത്ഥവുമായ നിരക്കുകളാണ്. യഥാർത്ഥമായ തരത്തിലുള്ള കെ.എസ്.ഇ.ബിയുടെ ബില്ലിംഗ് നടത്താറില്ലാത്തത് കാരണം തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുവാൻ കാരണമായി മാറുന്നു. പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ്.ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്കിലുള്ള വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ചമ്പക്കുളം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാകുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-20 നെൽവിത്ത് വിതരണം - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.എസ്.0030/22

പ്രോജക്റ്റിന്റെ പേര് : നെൽവിത്തിന് സബ്സിഡി

നിർവ്വഹണം: കൃഷി ഓഫീസർ

അടങ്കൽ: വികസന ഫണ്ട് -13,42,320

ചെലവ്:-

ട്രഷറി ബിൽ റഫറൻസ് നം. 21060452013000684652/തീയതി.20.11.21 – 13,42,320/- രൂപ

ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22വർഷം രണ്ടാം കൃഷിയ്ക്കായി ഈ പദ്ധതി പ്രകാരം പാടശേഖര സമിതികളിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 78,960കി.ഗ്രാം നെൽവിത്ത് വാങ്ങിയതിന്റെ വില (പദ്ധതി വിഹിതം) വിവിധ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നെൽവിത്ത് പാടശേഖര സമിതികൾ കൈപ്പറ്റിയതിന്റെയൊ കർഷകർക്ക് വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ഹാജരാക്കിയ സബ്സിഡി സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ ചേർക്കുന്ന പാടശേഖരങ്ങൾക്കാണ് നെൽവിത്ത് വിതരണം ചെയ്തിരിയ്ക്കുന്നത്.

| ക്രമ നം | പാടശേഖര സമിതിയുടെ പേര് | നെൽവിത്തിന്റെ അളവ് | നെൽവിത്തിന്റെ വില(@സബ്സിഡി 17/kg) |
|---|---|---|---|
| 1 | വലയം, അഞ്ഞൂറ്റുംപാടം, കൊക്കണം, ചിറക്കപുരം, പാടച്ചാൽ | 15000 | 2,55,000 |
| 2 | ഉമ്പുകാട് തെക്ക്, ഉമ്പുകാട് വടക്ക്, ചിറക്കപുരം | 6000 | 1,02,000 |
| 3 | മൂലപൊങ്ങാമ്പാറ, നാലുതോട്ടിനകം, മണിമലക്കാട്, മൂലപ്പള്ളിക്കാട് | 10020 | 1,70,340 |
| 4 | മൂലപ്പള്ളിക്കാട്, 600ചങ്ങങ്കരി | 10020 | 1,70,340 |
| 5 | മൂലപ്പള്ളിക്കാട്, | 3690 | 62,730 |

| | | | |
|---|---|---|---|
| | ഉന്തംവേലി | | |
| 6 | പാടച്ചാല്, ഗോവേന്ത, മുന്നൂറ്റം, ഇടംപാടം, കോയിക്കരി | 15000 | 255000 |
| 7 | നാട്ടയം | 5040 | 85680 |
| 8 | നാട്ടയം | 2790 | 47430 |
| 9 | പട്ടത്തിൽ വരമ്പിനകം, ചെറുകോട്ട് 300 | 5070 | 86190 |
| 10 | എഴകാട്, നാട്ടയം, ഉന്തംവേലി | 6330 | 107610 |

പല പാടശേഖരങ്ങൾക്കും നൽകിയ വിത്തിന്റെ അളവ് ഒന്നിച്ചാണ് മേൽ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഓരോ പാടശേഖരത്തിനും എത്ര കിലോ വിത്ത് വീതം നൽകിയിട്ടുണ്ടെന്നുള്ള തരം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനും വിതരണ രേഖകൾ ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/18-11-22 നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 13,42,320/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ആദായനികുതി,ചരക്കുസേവനനികുതി എന്നിവ കുറവുചെയ്യാതെ കരാറുകാരനു തുക നൽകി

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും വരുമാന നികുതി, ജി.എസ്.ടി എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വരുമാന നികുതി സെക്ഷൻ 194C പ്രകാരം ഒറ്റ തവണ 30,000/-രൂപയിലധികമോ ഒരു സാമ്പത്തിക വർഷം 1,00,000/- രൂപയിലധികമോ കരാർ പ്രവൃത്തികൾക്ക് നൽകുകയാണെങ്കിൽ 1% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം താഴെ പേര് രേഖപ്പെടുത്തിയിട്ടുള്ള കരാറുകാർക്ക് മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് പല ബില്ലുകളിലായി തൻവർഷം 1,00,000/- രൂപയിൽ കൂടുതൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും മേൽ സൂചിപ്പിച്ച വിധം 1% വരുമാന നികുതിയും 2%ജി.എസ്.ടിയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ | കരാറുകാരന്റെ പേര് | അനുവദിച്ച മെറ്റീരിയൽ ചാർജ്ജ് | ഈടാക്കേണ്ട ജി.എസ്.ടി 2% | ഈടാക്കേണ്ട വരുമാന നികുതി | എഫ്.ടി.ഒ നമ്പർ |
|---|---|---|---|---|---|---|
| 1 | കോയിക്കരി വടക്കേ മോട്ടോർഷെഡ് ചെമ്പക്കോട് കൽക്കെട്ട് ഘട്ടം1. | ടോമി ജോസഫ്. | 306133.40 | 6122.67 | 3061.33 | 216736/ 27.06.22 |
| 2 | കോയിക്കരി വടക്കേ മോട്ടോർഷെഡ് ചെമ്പക്കോട് കൽക്കെട്ട് ഘട്ടം 2. | ടോമി ജോസഫ്. | 306287 | 6125.75 | 3062.88 | 216968/ 27.06.22 |
| 3 | PWD റോഡ് -എൻ.എസ്.എസ്. കരയോഗം റോഡ് കോൺക്രീറ്റിംഗ് | പി.ജെ.ജോസഫ് | 304729.20 | 6094.58 | 3047.29 | 767997/ 5.7.21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/18.11.22) പ്രസ്തുത കരാറുകാർ തുക കൈപ്പറ്റിയ ശേഷം പഞ്ചായത്തിൽ നികുതി തുക ഒടുക്കിയിട്ടുണ്ട് എന്ന മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രസീതുകളുടെ പകർപ്പ് ഹാജരാക്കേണ്ടതും, ടി തുക ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് ഒടുക്കി, ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. ഇതുപോലെ തൻവർഷം നടപ്പിലാക്കിയിട്ടുള്ള എല്ലാ പദ്ധതികളും പരിശോധിച്ച് ജി.എസ്.ടി/വരുമാന നികുതി എന്നിവ ഒടുക്കുവാൻ ബാധ്യസ്ഥരായ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആദായനികുതി/G.S.T. ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല- 5,000/- രൂപാ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം: | സ്ഥാപനം | അർദ്ധ വർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1, | മണ്ണൂപ്പുറമ്പ് ഫൈനാൻസ്, ചമ്പക്കുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2, | സി.കെ.എം മിൽക്ക് പ്രൊഡ്യൂസേർസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| ആകെ | | | 5,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയതായും ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:1,തീയതി:10/11/2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 2-2 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കിയിട്ടില്ല വരുമാന നഷ്ടം 26,918/- രൂപ

പഞ്ചായത്തിലെ 10-ാം വാർഡിലെ പ്രഥമ മേഖലയിലെ 10/120, 10/121, 10/122, 10/123, 10/123A, 10/124 എന്നീ കെട്ടിടങ്ങളിൽ ത്രിവേണി റിവർ പാലസ് എന്ന പേരിലുള്ള റിസോർട്ട് നടത്തുന്നതിന് 2021-22 വർഷത്തേക്കുള്ള ലൈസൻസ് (നം:72/2021-22/A7-1828/2021,തീയതി:27-07-2021) പ്രകാരം പ്രവർത്തനാനുമതി നല്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സഞ്ചയ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 5 മീറ്ററിലധികം വഴി സൗകര്യമുള്ള ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 10/120, 10/121, 10/122, 10/123, 10/123A എന്നീ കെട്ടിടങ്ങൾക്ക്, വസ്തു നികുതി സംബന്ധിച്ച 2012 ലെ പഞ്ചായത്ത് വിജ്ഞാപന പ്രകാരം റിസോർട്ട് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ട 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം കുറഞ്ഞ നിരക്കിലുള്ള വസ്തു നികുതിയാണ് ഈടാക്കുന്നത്. ഇതേ റിസോർട്ടിലെ 10/124-ാം നമ്പർ കെട്ടിടത്തിന് പഞ്ചായത്ത് വിജ്ഞാപന പ്രകാരം റിസോർട്ട് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഇടാക്കേണ്ട 90 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയിട്ടുമുണ്ട്. ഇത് കൂടാതെ റിസോർട്ടിലെ 10/120, 10/121, 10/122, 10/123, 10/123A, 10/124 എന്നീ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ

മാറ്റം വരുത്തി ഘടനാപരമായി മാറ്റം വരുത്തിയതായി സഞ്ചയ രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ സ.ഉ(എം.എസ്)നം:20/2011/തസ്വഭവ, തീയതി 14-11-2011 ചട്ടം 17(1) പ്രകാരം അവസാന അസസ്സ്മെന്റിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ വർദ്ധനവിനുള്ള പരിമിതി ബാധകമല്ല.

ഇത്തരത്തിൽ ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ വസ്തുനികുതി ഈടാക്കിയത് മൂലം പഞ്ചായത്തിന് ഉണ്ടായ വരുമാന നഷ്ടം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:05 / 14.11.2022) കെട്ടിടങ്ങളെ റിസോർട്ടുകളുടെ ഗണത്തിൽഉൾപ്പെടുത്തി വസ്തുനികതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും, അധികമായി ഈടാക്കേണ്ട വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 391.77 ച:മീ തറ വിസ്തീർണ്ണമുള്ള10/120-ാം നമ്പർ കെട്ടിടത്തിന് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശത്തിനുള്ള 100ച:മീ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ,ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 60 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 16,659/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 391.77×60 = 23506.2 | 391.77×90 = 35259.3 | |
| മേഖല (പ്രഥമം) ഇളവില്ല | | | |
| മേൽക്കൂര 10 % ഇളവ് | (-) 2350.62 | (-) 3525.93 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 4701.24 | (+) 7051.86 | |
| തറ നിർമ്മിതി 15%വർദ്ധനവ് | (+) 3525.93 | (+) 5288.89 | |
| എയർ കണ്ടീഷനിംഗ് 10% വർദ്ധനവ് | (+) 2350.62 | (+) 3525.93 | |
| നികുതി | 31,734/- | 47,600/- | 15,866/- |
| ലൈബ്രറി സെസ് 5% | 1,587/- | 2,380/- | 793/- |
| ആകെ | 33,321/- | 49,980/- | 16,659/- |

2) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 91.4 ച:മീ തറ വിസ്തീർണ്ണമുള്ള10/121-ാം നമ്പർ കെട്ടിടത്തിന് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശത്തിനുള്ള 100ച:മീ വരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ,ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 50 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ ഇത്തരത്തിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 4221/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 91.4×50 = 4570 | 91.4×90 = 8226 | |
| മേഖല (പ്രഥമം) ഇളവില്ല | | | |

| | | | |
|---|---|---|---|
| മേൽക്കൂര 10 % ഇളവ് | (-) 457 | (-) 822.6 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 914 | (+) 1645.2 | |
| നികുതി | 5028/- | 9049/- | 4021/- |
| ലൈബ്രറി സെസ് 5% | 252/- | 452/- | 200/- |
| ആകെ | 5280/- | 9501/- | 4221/- |

3) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 12.44ച:മീ (കെട്ടിട നം:10/122) 50.86ച:മീ (കെട്ടിട നം:10/123A) വീതം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന 50 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്. ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ മേൽ സൂചിപ്പിച്ച 2 കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കിയതിനാൽ പഞ്ചായത്തിന് 2,811/-(2185+626) രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വസ്തുനികുതി നിലവിൽ നിർണയിച്ചത് | | വസ്തുനികുതി നിർണയിക്കേണ്ടത് | | അധികമായി ഈടാക്കേണ്ട വസ്തുനികുതി | |
|---|---|---|---|---|---|---|
| | 10/122 | 10/123A | 10/122 | 10/123A | 10/122 | 10/123A |
| അടിസ്ഥാന വസ്തു നികുതി | 12.44×50 = 622 | 50.86×50 = 2843 (സഞ്ചയ പ്രകാരം) | 12.44×90 = 1119.6 | 50.86×90 = 4577.4 | | |
| മേഖല (പ്രഥമം) ഇളവില്ല | - | - | - | - | | |
| മേൽക്കൂര 10 % ഇളവ് | (-) 62.2 | - | (-) 111.9 | - | | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 124.4 | (+)568.6 | (+) 223.92 | (+) 915.4 | | |
| എയർ കണ്ടീഷനിംഗ് 10% വർദ്ധനവ് | (+) 62.2 | - | (+) 111.9 | - | | |
| നികുതി | 747/- | 3412/- | 1344/- | 5493/- | 597/- | 2,081/- |
| ലൈബ്രറി സെസ് 5% | (+) 38/- | (+) 171/- | (+) 67/- | 275/- | 29/- | 104/- |
| ആകെ | 785/- | 3583/- | 1411/- | 5768/- | 626/- | 2,185/- |

4) മേൽ സൂചിപ്പിച്ച ത്രിവേണി റിവർ പാലസ് റിസോർട്ടിലെ 77.43 ച:മീ തറ വിസ്തീർണ്ണമുള്ള10/123-ാം നമ്പർ കെട്ടിടത്തിന് 90 രൂപ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നതിന് പകരം വാണിജ്യാവശത്തിനുള്ള 100ച:മീ വരെ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൌൺ, ഹോട്ടൽ എന്ന വിഭാഗത്തിൽപ്പെടുത്തി 50 രൂപാ നിരക്കിലാണ് നിലവിൽ വസ്തു നികുതി ഈടാക്കുന്നത്.ഉപയോഗക്രമത്തിന് അനുസൃതമല്ലാതെ കുറഞ്ഞ നിരക്കിൽ ഇത്തരത്തിൽ വസ്തു നികുതി ഈടാക്കുന്നത് മൂലം പഞ്ചായത്തിന് 3,227/- രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിലവിൽ വസ്തുനികുതി ഈടാക്കുന്നത് | വസ്തുനികുതി നിർണയിക്കേണ്ടത് | അധികമായി ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|
| അടിസ്ഥാന | 77.43×50 = 3871.5 | 77.43×90 = | |

| | | | |
|---|---|---|---|
| വസ്തു നികുതി | | 6,968.7 | |
| മേഖല (പ്രഥമം) ഇളവില്ല | | | |
| മേൽക്കൂര 10 % ഇളവ് | (-) 387.15 | (-)696.8 | |
| വഴി സൌകര്യം 20 % വർദ്ധനവ് | (+) 774.3 | (+) 1393.7 | |
| നികുതി | 4592/- (സഞ്ചയ പ്രകാരം) | 7666/- | 3,074/- |
| ലൈബ്രറി സെസ് 5% | 230/- (സഞ്ചയ പ്രകാരം) | 383/- | 153/- |
| ആകെ | 4822/- (സഞ്ചയ പ്രകാരം) | 8049/- | 3227/- |

ഉപയോഗക്രമത്തിന് അനുസൃതമായി ത്രിവേണി റിവർ പാലസ് റിസോർട്ടിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കാത്തത് മൂലം 2021-22 വർഷം പഞ്ചായത്തിന് 26,918/- രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടായത്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22ലെ നികുതി കിടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 299000 | 22/22-സാന്ത്വന പരിചരണ പരിപാടി | 299000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | 31/22-ലൈഫ് മിഷൻ ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | 35/22-അഗതിരഹിത കേരളം - ആശ്രയ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 154720 | 65/22-അങ്കണവാടി പോഷകാഹാരം | 154720 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 329500 | 68/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 329500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | 85/22-ലൈഫ് മിഷൻ -പുതിയ വീടുകളുടെ നിർമ്മാണം -പട്ടികജാതി വിഭാഗം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 142082 | 25/22 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി. | 142082 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 59/22-പാൽ സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | 65/22-അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 314000 | 68/22-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 314000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 75/22- പൈപ്പ് ലൈൻ നീട്ടൽ | PFMS-ID-2215757/11.02.2022 | 620000 | 0 | 620000 |
| KWA | 138/22- കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും അറ്റകുറ്റപണിയും | PFMS-ID-2249017/28.032022 | 560000 | 0 | 560000 |
| KWA | 153/22-2 5 12 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | PFMS-ID-2249015/28.032022 | 640000 | 0 | 640000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 0 | 5625333 | 865333 | 0 | 4760000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2019-20 | 1(12) | 1250 | മാനേജർ,സപ്ലൈകോ, മങ്കൊമ്പ് | 12101010096, 29.04.2021 | 280100102 |
| 2012-13 | 2(3)(2) | 1250 | സെക്രട്ടറി, പുന്നക്കുന്നം എസ്.സി.ബി | 121010100305, 22.07.2021 | 280100102 |
| 2020-21 | 1(15) | 1000 | ഡോ.പ്രശാന്ത് ജേക്കബ് , പട്ടമുക്കിൽ ഡെൻറൽ ക്ലിനിക് | 121010101186, 31.12.2021 | 280100102 |
| 2020-21 | 1(15) | 1000 | സാറാമ്മ ജോർജ്ജ് | 121010101192, 01.01.2022 | 280100102 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014/15 | 2.1 | 2016/17 | 2.1 | തൊഴിൽ നികുതി | മുത്തൂറ്റ് ഫിനാൻസിന്റെ അർദ്ധവർഷ സ്ഥാപന നികുതി 22.7.19 ന് 119010100521 പ്രകാരം ഒടുക്കി ബാക്കി സ്ഥാപനങ്ങൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട് |
| 2015/16 | 2.2 | 2016/17 | 2.2 | തൊഴിൽ നികുതി | |
| 2016/17 | 2.6 | 2017/18 | 2.6 | റിസോർട്ടുകളുടെ കെട്ടിട നികുതി വർധനവ് | സർക്കാരിന് കത്തയച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62972596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51666846 |
| വരവിനങ്ങളിലുള്ള നഷ്ടം | 31,918/- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3372929 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,000/- | | ശ്രീമതി . കെ .സുജാത, സെക്രട്ടറി |
| 2-2 | 26,918/- | | ശ്രീമതി.സ്വപ്ന കെ നായർ, സെക്രട്ടറി ഇൻചാർജ്. |
| ആകെ | 31,918/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 52485 | ശ്രീമതി. സ്വപ്ന.കെ.നായർ, സെക്രട്ടറി ഇൻചാർജ്. |
| 1-15 | 1820000 | ശ്രീമതി. കെ.സുജാത, സെക്രട്ടറി. |
| 1-16 | 108124 | ഡോ.സ്മിത എം. നായർ, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-17 | 50000 | ഡോ.നജ്മുദീൻ,മെഡിക്കൽ ഓഫീസർ(സി.എച്ച്സി.) |
| 1-20 | 1342320 | ശ്രീമതി. ചൈതന്യ, കൃഷി ഓഫീസർ |
| ആകെ | 3372929 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി . കെ .സുജാത, സെക്രട്ടറി | ചമ്പക്കുളം ഗ്രാമപഞ്ചായത്ത്, തെക്കേക്കര പി.ഒ., മങ്കൊമ്പ് | സുജ നിവാസ്,സനാതനപുരം പി.ഒ.,കളർകോട് |
| ശ്രീമതി.സ്വപ്ന കെ നായർ, സെക്രട്ടറി ഇൻ ചാർജ്. | അസിസ്റ്റന്റ് സെക്രട്ടറി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത്, തെക്കേക്കര പി.ഒ., മങ്കൊമ്പ് | സൌപർണ്ണിക, ജില്ലാ കോർട്ട് വാർഡ്,ആലപ്പുഴ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ശ്രീമതി.സ്മിത.എം.നായർ | മണിമംഗലത്ത് നന്ദനം MO വാർഡ്, ആലപ്പുഴ- 1 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ.നജ്മുദ്ദീൻ.എം.ജെ,മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.),ചെമ്പുംപുറം, ആലപ്പുഴ | അറഫാ കോട്ടേജ്, വടശ്ശേരിക്കോണം.പി.ഒ, ചെമ്മരുതി, തിരുവനന്തപുരം |
| കൃഷി ഓഫീസർ | ശ്രീമതി. ചൈതന്യ,കൃഷി ഓഫീസർ,ടി.വി.പുരം, വൈക്കം. | ചന്ദ്രഭവൻ, ഉണ്ടിൽക്കട, കിളിമാനൂർ,തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | എൽ എഫ് ജി എ-5-1832/11/21.1.2002 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |

| | |
|---|---|
| 1999-2000 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2000-01 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2001-02 | എൽ എഫ് ജി എ-5-1832/11/25.1.2002 |
| 2002-03 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2003-04 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2004-05 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2005-06 | എൽ എഫ് ജി എ-5-1832/11/31.1.2002 |
| 2006-07 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2007-08 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2008-09 മുതൽ 2010-11 വരെ | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2011-12 | എൽ.എഫ്.എ.പി.1/496/2014/04.07.2014 |
| 2012-13 | എൽ.എഫ്.എ.പി.1/130/15/21.04.2015 |
| 2013-14&2014-15 | കെ.എസ്.എ. എ.എൽ.പി.പി.1/1472/15/ 25.11.2015 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി.1-27/17 തീയതി26-09-17 |
| 2016-17 | കെ.എസ്.എ. എ.എൽ.പി./പി.1 1130/2017/11.09.2017 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി/പി1-61/21 തീയതി, 07.02.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1-316/21 തീയതി, 14.5.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-345/21 തീയതി, 31-03-21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി1-163/2022 തീയതി 19-03-22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്